➪ അത് ഇവിടെ സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു വികാരമാണ് ➪

# നിൽപ്പ് സമരത്തിന്റെ തുടർച്ചകൾ; ജനാധിപത്യത്തിന്റെ നവമാനങ്ങൾ

2014 ജൂലായ് 9ന് ആദിവാസി നിൽപ് സമരം സെക്രട്ടേറിയറ്റിന് മുന്നിൽ ആരംഭിച്ച നാൾ മുതൽ ആഗോളമായി തന്നെ മലയാളി സമൂഹം ഐക്യദാർഢ്യവുമായി നിൽക്കുകയായിരുന്നു. നീതിനിഷേധിക്കപ്പെട്ട ജനതയോട് വാക്കുപാലിച്ച് ഭരണകൂടം മര്യാദപാലിക്കണമെന്ന് മനഃസാക്ഷി മരവിക്കാത്തവർ ഏറ്റുപറഞ്ഞു. 162 ദിവസം നീണ്ടുനിന്ന നിൽപ് സമരം സർക്കാറുമായുണ്ടാക്കിയ വ്യവസ്ഥകളെ തുടർന്ന് പിൻവലിച്ച പശ്ചാത്തലത്തിൽ സമരത്തിന്റെ തുടർച്ചകളെക്കുറിച്ച് സംസാരിക്കുന്നു.

**എം. ഗീതാനന്ദൻ / ദിനിൽ**

**അഞ്ച് മാസക്കാലം നീണ്ടുനിന്ന നിൽപ്പ് സമരം വിജയകരമായി പര്യവസാനിച്ചിരിക്കുകയാണ്. ഈ സമരവിജയം കേരള സമൂഹത്തിൽ എങ്ങനെ അടയാളപ്പെടുത്തണമെന്നാണ് താങ്കൾ ആഗ്രഹിക്കുന്നത്? എന്താണ് നിൽപ്പ് സമരത്തിന്റെ സംഭാവന?**

സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നും വ്യാപകമായ പ്രതികരണങ്ങളുണ്ടായി എന്നതാണ് നിൽപ്പ് സമരത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനം. സമരം തുടങ്ങുമ്പോൾ അങ്ങനെ ഒന്ന് പ്രതീക്ഷിച്ചിരുന്നില്ല. പ്രതീക്ഷകൾക്കപ്പുറമുള്ള ജനാധിപത്യപരമായ ഒരു ഉണർവ് സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുകൂടിയാണ് നിൽപ്പ് സമരത്തിന് വിജയിക്കാൻ കഴിഞ്ഞത്. സഹനസമരത്തിന്റെ രീതിശാസ്ത്രങ്ങൾ പിന്തുടർന്നുകൊണ്ട് ആളുകളുടെ പിന്തുണ പിടിച്ചുപറ്റുക, ഭരണകൂടത്തെ ചലിപ്പിക്കുക എന്നത് സുപ്രധാന സംഗതിയാണ്. വാക്കുപാലിക്കുക ജനാധിപത്യമര്യാദയാണ് എന്നും ആദിവാസി സമൂഹത്തോട് നീതികേട് കാണിക്കരുത് എന്നുമുള്ള ആശയങ്ങൾ പുതിയ തലമുറയിൽ, പ്രത്യേകിച്ച് രാഷ്ട്രീയമായി മടുത്തിരിക്കുന്നവർക്ക് വിപുലമായി സ്വീകാര്യമായിത്തീർന്നു. ന്യൂ ജെനറേഷൻ സോഷ്യൽ മീഡിയയിൽ വളരെ സജീവമായി ഇടപെട്ടു. സമരത്തോട് ഐക്യപ്പെട്ട 99 ശതമാനം ആളുകളും കരാർ എന്താണ് എന്ന് അന്വേഷിക്കുകയുണ്ടായില്ല. കരാർ എന്തായാലും ആദിവാസി ജനതയ്ക്ക് നീതി കിട്ടണം എന്ന കാര്യത്തിൽ അവർക്ക് സംശയമില്ല. അതുകൊണ്ടുതന്നെ സമരത്തിന്റെ ഫലത്തെ കേരളത്തിന്റെ പുതിയ ജനാധിപത്യവൽക്കരണവുമായി ബന്ധപ്പെടുത്തി വേണം മനസ്സിലാക്കാൻ. നമ്മൾ ഇറക്കിയ പത്രക്കുറിപ്പും 'നിൽപ്പ് സമരവിജയം ജനാധിപത്യത്തിന്റെ വിജയം' എന്നുതന്നെയാണ് പറയുന്നത്.

ആദിവാസി ഭൂമി പിടിച്ചെടുക്കുക എന്നത് ഒരു അധാർമ്മികമായ പ്രവൃത്തിയായി കേരളസമൂഹത്തിലെ പഴയ തലമുറ ഒരിക്കലും കരുതിയിട്ടുണ്ടാകില്ല. അത് ഇവിടെ സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു വികാരമാണ്. കേരള നിയമസഭ പോലും ഇൻസ്റ്റിറ്റ്യൂഷണലൈസ് ചെയ്യപ്പെട്ട ഈ വികാരത്തിനൊപ്പമാണ് നിന്നത്. ഗൗരിയമ്മ മാത്രമാണ് അത് അധാർമ്മികമാണെന്നും ആദിവാസിഭൂമി തിരിച്ച് കൊടുക്കേണ്ടതാണെന്നും നിയമസഭയിൽ പറഞ്ഞത്. അഞ്ചാം പട്ടിക ഇവിടെ നടപ്പാക്കേണ്ടതാണെന്ന് കേരളത്തിലെ ഒരു ഭരണാധികാരിയും പറഞ്ഞിട്ടില്ല. സ്ഥാപനവൽക്കരിക്കപ്പെട്ട പൊതു



സി.കെ. ജാനു നിൽപ്പ് സമരം അവസാനിച്ചതായി പ്രഖ്യാപിക്കുന്നു

ധാരണകൾക്കെതിരായ ഒരു പുതിയ പൊതുബോധം കേരള സമൂഹത്തിന്റെ പലതട്ടുകളിലും രൂപപ്പെട്ടുവരുന്നുണ്ട് എന്നതാണ് ശ്രദ്ധേയമായ കാര്യം. ഇതിനെ ജനാധിപത്യത്തിന്റെ പുതിയ കുതിപ്പായി എങ്ങനെ മുന്നോട്ടു കൊണ്ടുപോകാം എന്നതാണ് ആലോചിക്കേണ്ട വിഷയം. ആദിവാസി പ്രശ്നത്തിൽ മാത്രമല്ല, മറ്റ് മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന സമരങ്ങളും ഈ ചർച്ച തുടരണം.

ഉദാഹരണത്തിന് ചുംബന സമരം. നിൽപ്പ് സമരവും ചുംബനസമരവും രണ്ട് വ്യത്യസ്ത തലങ്ങളിൽ നടക്കുന്ന സമരങ്ങളാണ് എന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ രണ്ടും പഴയ തലമുറയുടെ ചില ബോധ്യങ്ങളെ ചോദ്യം ചെയ്യുന്നുണ്ട്. യാഥാസ്ഥിതികർ ഈ രണ്ട് സമരങ്ങളോടും വളരെ അഗ്രസ്സീവായ നിലപാടാണ് കൈക്കൊണ്ടത്. എന്നാൽ ഈ രണ്ട് സമരങ്ങളും എല്ലാ വിഭാഗങ്ങൾക്കും ജീവിക്കാൻ അവകാശമുണ്ട് എന്നതാണ് സ്ഥാപിക്കാൻ ശ്രമിച്ചത്. പഴയ തലമുറ വകവയ്ക്കാതിരിക്കുന്ന ചില മനുഷ്യാവകാശ പ്രശ്നങ്ങളെ ഈ രണ്ട് സമരങ്ങളും സമൂഹത്തിന് മുന്നിൽ തുറന്നിട്ടു. ഭൂമിയുടെ മേലുള്ള അവകാശം എന്നത് ഒരു ഔദാര്യമായി കരുതിയിരുന്ന പൊതുബോധമാണ് പഴയ തലമുറ തുടർന്നുപോരുന്നത്. ഭൂപരിഷ്കരണ നിയമം പോലും ആ പൊതുബോധത്തിന്റെ സൃഷ്ടിയാണെന്ന് കാണാം. ഭൂപരിഷ്കരണം ദലിതന് കുടികിടപ്പവകാശം കൊടുത്തത് ആ കാഴ്ചപ്പാടിൽ നിന്നു കൊണ്ടാണ്. ജന്മി അവരുടെ ഭൂമിയിൽ നിന്നും കുടിയാനെ അടിച്ചിറക്കാതിരിക്കാനുള്ള ഒരുപായം എന്ന നിലയ്ക്ക് മാത്രമാണ് ഭൂപരിഷ്കരണ നിയമം ഭൂരഹിതരുടെ അവകാശത്തെ കണ്ടിരുന്നത്. അതിനപ്പുറം ദലിതനും മനുഷ്യനാണ്, അവനും മനുഷ്യാവകാശങ്ങളുണ്ട് എന്ന വിശാലമായ ചിന്തയൊന്നും ഭൂപരിഷ്കരണ നിയമത്തിന്റെ പിന്നിലുണ്ടായിട്ടില്ല. കുടികിടപ്പ് എന്ന ബോധത്തിന്റെ തുടർച്ചയായാണ് ആദിവാസിയുടെ ഭൂമി പിടിച്ചെടുക്കാവുന്നതാണ് എന്ന ബോധവും രൂപപ്പെടുന്നത്. ആ പൊതുബോധത്തിന്റെ തിരസ്കാരം ഇന്ന് പുതുതലമുറയിൽ സംഭവിച്ചിരിക്കുന്നു. ഒരു ഭൂസമരപ്രശ്നം മാത്രമായി ചുരുക്കിയാൽ ഈ പിന്തുണ കിട്ടണമെന്നില്ല. ഹാരിസന്റെ ഭൂമി പിടിച്ചെടുക്കുമെന്ന് പറഞ്ഞാൽ ഈ പിന്തുണ ഉണ്ടാകണമെന്നില്ല. ജീവിക്കാനുള്ള അവകാശത്തിന്റെ വിഷയമായി ഭൂപ്രശ്നം ഉന്നയിക്കപ്പെടുമ്പോഴാണ് സ്വീകാര്യതയുണ്ടാകുന്നത്.

**ഇപ്പോൾ ലഭിച്ചിരിക്കുന്ന ഉറപ്പുകളുടെ അടിസ്ഥാനത്തിൽ സമരം പിൻവലിക്കാൻ കഴിയുമോ? സർക്കാർ ഉറപ്പുകൾ മുമ്പും ലംഘിക്കപ്പെട്ട അനുഭവങ്ങൾ ഗോത്ര മഹാസഭയ്ക്ക് മുന്നിലുണ്ടല്ലോ? ഉറപ്പുകൾ തീരുമാനങ്ങളും നടപടികളും ആയി മാറാൻ എത്ര സമയമെടുക്കും എന്നാണ് പ്രതീക്ഷിക്കുന്നത്?**

സമരം തുടരുക തന്നെ ചെയ്യേണ്ടിവരും. സർക്കാർ ഇപ്പോൾ നൽകിയ ഉറപ്പുകൾ പാലിക്കപ്പെട്ടില്ലെങ്കിൽ പ്രത്യക്ഷമായ സമരത്തിലേക്ക് ഇനിയും പോകേണ്ടിവരും. സർക്കാർ ഉറപ്പുകൾ പാലിക്കപ്പെടുന്നതിനുള്ള കാലതാമസമുണ്ട്. അത് കൃത്യമായി വിലയിരുത്തിയിട്ട് മുന്നോട്ട് പോകണം. അഞ്ചാം പട്ടികയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉടനടി ഗവർണർ വഴി കേന്ദ്രസർക്കാറിന് നിർദ്ദേശം സമർപ്പിക്കാമെന്ന് സർക്കാർ ഏറ്റിട്ടുണ്ട്. അതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങളുടെ മാപ്പിംഗ് പൂർത്തിയാകാൻ കുറച്ച് സമയമെടുക്കും. പട്ടികവർഗ്ഗ പ്രദേശങ്ങൾ നിശ്ചയിക്കേണ്ടത് എങ്ങനെയാകണം എതിനെക്കുറിച്ച് ഗോത്രമഹാസഭ ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അത് പരിഗണിക്കുന്നുണ്ടോ എന്ന്

⇨ അതുകൊണ്ടുതന്നെ സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ നിൽപ്പ് സമരത്തിന് നൽകിയ പിന്തുണ ഇനിയും തുടരേണ്ടതുണ്ട് ⇨

പരിശോധിക്കണം. ചില ഉത്തരവുകൾ ഇറങ്ങിയാൽ മാത്രമെ തുടർ നടപടികളുമായി സർക്കാറിന് മുന്നോട്ട് പോകാൻ കഴിയൂ. ആറളത്തെ വിഷയങ്ങളിൽ ചില നടപടികളുണ്ടായി. അവിടെ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനായി ഒരു സമിതി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഞങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സർവ്വെ ഭൂവിതരണത്തിന്റെ കാര്യത്തിൽ ഉടൻ നടക്കും. പട്ടികവർഗ്ഗ മേഖലകൾ പ്രഖ്യാപിക്കുന്നതിനായി ഏരിയ മാപ്പ് ചെയ്ത് ഗവർണർ വഴി കേന്ദ്രത്തിന് സമർപ്പിച്ചാൽ മതി. കേന്ദ്രത്തിന്റെ അന്തിമ അനുമതി പാർലമെന്റിൽ നിന്നും കിട്ടണം. സംസ്ഥാന സർക്കാർ നടപടികൾ വേഗത്തിൽ നീക്കിയാൽ കേന്ദ്രത്തിൽ താമസം വരാതിരിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് ദേശീയതലത്തിലുള്ള മറ്റ് ആദിവാസി സംഘടനകളുമായി സഹകരിക്കാൻ ഗോത്രമഹാസഭ തീരുമാനിച്ചിട്ടുണ്ട്. എന്തായാലും പട്ടികവർഗ്ഗ മേഖലകളെക്കുറിച്ചുള്ള സർക്കാറിന്റെ രൂപരേഖ കാണാതെ അക്കാര്യത്തിൽ ഇപ്പോൾ മറ്റ് ഇടപെടലുകളൊന്നും നടത്താൻ കഴിയില്ല.

> ആന്റണി സർക്കാറിന്റെ കാലത്തുണ്ടായ ആ നയപരമായ മാറ്റങ്ങൾ തുടരണം എന്ന ഒരു ചിന്ത സർക്കാറിലുണ്ടാക്കാൻ നിൽപ്പ് സമരത്തിന് കഴിഞ്ഞിട്ടില്ല. ബാഹ്യസമ്മർദ്ദം കൊണ്ട്, വേറെ ഗതിയില്ലാതെ സമരം അവസാനിപ്പിക്കാൻ ചില കാര്യങ്ങൾ ചെയ്തു എന്നുമാത്രം. ആന്റണിയുടെ പോളിസി നിലനിർത്തണം എന്ന ചിന്ത ഉമ്മൻ ചാണ്ടിയിലില്ല. കാരണം ഭൂമാഫിയ അന്നത്തേക്കാൾ ശക്തമാണിന്ന്. അതിനാൽ നയപരമായ മാറ്റമുണ്ടാക്കുന്നതിനായി ഈ സമരം ഇനിയും തുടരേണ്ടതുണ്ട് .

**2001ലെ കാരാറും നിൽപ്പ് സമരത്തെ തുടർന്ന് ഇപ്പോൾ ഉണ്ടായിരിക്കുന്ന കരാറും തമ്മിൽ എന്താണ് വ്യത്യാസം?**

2001ലെ കരാർ കേരളത്തിൽ അതുവരെയുണ്ടാകാത്ത നയപരമായ ഒരു മാറ്റം ആദിവാസി വിഷയത്തിൽ കൊണ്ടുവന്നു.അതാണ് അതിന്റെ രാഷ്ട്രീയ പ്രാധാന്യവും. ആദിവാസി പുനഃരധിവാസ വികസന മിഷൻ രൂപീകരിക്കപ്പെടുന്നു. ട്രൈബൽ സബ്പ്ലാൻ ഫണ്ടിന്റെ ഭാഗമായി അത് മാറുന്നു. ഇക്കാര്യങ്ങളെല്ലാം അന്ന് വേഗത്തിൽ നടന്നു. എന്നാൽ ആദിവാസികൾക്ക് പതിച്ചു നൽകുന്ന ഭൂമി അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തുമെന്ന് പറഞ്ഞിരുന്നെങ്കിലും അത് ഒരുതരി പോലും മുന്നോട്ട് പോയില്ല. ലഭ്യമായ ഭൂമിയുണ്ടായിട്ടും ഭൂവിതരണ നടപടികൾ മരവിക്കുകയും ചെയ്തു. നിൽപ്പ് സമരത്തിൽ ഞങ്ങൾ ഫോക്കസ് ചെയ്തിരുന്നത് പ്രധാനമായും രണ്ട് കാര്യങ്ങളാണ്. ഒന്ന്, ലഭ്യമായ ഭൂമി സമയബന്ധിതമായി കൊടുക്കണം. രണ്ട്, ആദിവാസി ഊരുഭൂമി അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ മേഖലയായി പ്രഖ്യാപിക്കണം. എന്നാൽ 2001ലെ പോലുള്ള അനുകൂലമായ സാഹചര്യം ഭരണതലത്തിൽ ഇന്ന് നിലനിൽക്കുന്നില്ല എന്നത് ഒരു പ്രതിസന്ധിയാണ്. അതുകൊണ്ടുതന്നെ സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ നിൽപ്പ് സമരത്തിന് നൽകിയ പിന്തുണ ഇനിയും തുടരേണ്ടതുണ്ട്. സർക്കാറിന് ആദിവാസി വിഷയത്തിൽ താത്പര്യക്കുറവുണ്ട്. അത് മറികടക്കണമെങ്കിൽ വലിയ തോതിലുള്ള പിന്തുണ കൂടിയേതീരൂ.

**സമരം ഉന്നയിച്ച ആവശ്യങ്ങളെല്ലാം സർക്കാർ അംഗീകരിച്ചു എന്നതാണല്ലോ നിൽപ്പ് സമരം പിൻവലിച്ചതിന് കാരണമായി നിങ്ങൾ പറയുന്നത്. സർക്കാറിന്റെ സൗമനസ്യം എന്ന നിലയ്ക്കാണോ ഇത് കാണുന്നത്? അതോ ആദിവാസികൾ നടത്തിയ ഒരു രാഷ്ട്രീയ സമരത്തിന്റെ ഭാഗമായി നേടിയ അവകാശം എന്ന നിലയ്ക്കാണോ?**

ഞാൻ മുമ്പ് സൂചിപ്പിച്ച പോലെയുള്ള ഒരു ഉണർവ് നിൽപ്പ് സമരത്തിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ടെങ്കിലും സർക്കാർ മെഷിനറിക്ക് ഒരു പോറൽ പോലും ഏൽപ്പിക്കാൻ അതിന് കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. ഒരു സാമൂഹ്യചലനമുണ്ടായാൽ അതിനുസരിച്ചുള്ള പുനഃക്രമീകരണങ്ങൾ സിസ്റ്റത്തിലും അതിന്റെ നയങ്ങളിലും നിലപാടുകളിലും എല്ലാമുണ്ടാവും. ചിലപ്പോൾ നിയമനിർമ്മാണം; അല്ലെങ്കിൽ നിലനിൽക്കുന്ന നിയമങ്ങളുടെ പുതിയ പാരായണങ്ങൾ സംഭവിക്കാം. 2001 ലെ കുടിൽകെട്ടി സമരത്തെ തുടർന്ന് അതുണ്ടായി. ആദിവാസി ജനതയോടുള്ള ഭരണകൂട നയങ്ങൾ മാറേണ്ടതുണ്ടെന്ന ബോധ്യം അന്ന് സൃഷ്ടിക്കപ്പെട്ടു. അതിന്റെ ഭാഗമായി ചില നടപടികൾ വന്നു. ആന്റണി സർക്കാറിന്റെ കാലത്തുണ്ടായ ആ നയപരമായ മാറ്റങ്ങൾ തുടരണം എന്ന ഒരു ചിന്ത സർക്കാറിലുണ്ടാക്കാൻ നിൽപ്പ് സമരത്തിന് കഴിഞ്ഞിട്ടില്ല. ബാഹ്യസമ്മർദ്ദം കൊ

ണ്ട്, വേറെ ഗതിയില്ലാതെ സമരം അവസാനിപ്പിക്കാൻ ചില കാര്യങ്ങൾ ചെയ്തു എന്നുമാത്രം. ആന്റണിയുടെ പോളിസി നിലനിർത്തണം എന്ന ചിന്ത ഉമ്മൻ ചാണ്ടിയിലില്ല. കാരണം ഭൂമാഫിയ അന്നത്തേക്കാൾ ശക്തമാണിന്ന്. അതിനാൽ നയപരമായ മാറ്റമുണ്ടാക്കുന്നതിനായി ഈ സമരം ഇനിയും തുടരേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ ഭാഗമായുണ്ടായ ഉണർവിനെ രാഷ്ട്രീയമായി കൺസോളിഡേറ്റ് ചെയ്ത് ഭരണകൂടത്തിനെതിരെ തിരിക്കേണ്ട ഒരു പണി നിൽപ്പ് സമരത്തിന്റെ ഭാഗമായി നടന്നിട്ടില്ല. എല്ലാറ്റിനും ഉത്തരം ഒരു സമരത്തിനു കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല. പക്ഷെ ആദിവാസി പ്രശ്നത്തിൽ പോളിസി ചെയ്ഞ്ചുണ്ടാക്കുക എന്നത് പ്രധാനമാണ്. 2001ലേക്കു തിരിച്ചു പോയി പറയാം. 2001 ലെ സമരത്തെ തുടർന്ന് ആദിവാസി പുനരധിവാസ മിഷനുണ്ടായി. അതിനു മാസ്റ്റർ പ്ലാനുണ്ടായി. ഫണ്ട് വിനിയോഗത്തിന്റെ സ്വഭാവം മാറി. ഇതൊക്കെ നയപരമായ മാറ്റങ്ങളായിരുന്നു. അത്രയും മുന്നോട്ട് പോയില്ലെങ്കിലും ഫിഫ്ത്ത് ഷെഡ്യൂളും ആദിവാസി സ്വയംഭരണവും എല്ലാം ചർച്ചചെയ്യാവുന്ന ഒരന്തരീക്ഷം രൂപപ്പെട്ടിരിക്കുന്നു. തീർച്ചയായും സിവിൽ സമൂഹത്തിന്റെ ഇടപെടൽ വഴിയാണ് ഇത് സാധ്യമായത്. സമരത്തിനൊടുവിലുണ്ടായ മേധ പട്കറുടെ വരവിനെ പോലും ആ രീതിയിലാണ് ഞാൻ കാണുന്നത്.

**സർക്കാറിന് മാത്രമല്ലല്ലോ, കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്കൊന്നും ആദിവാസി വിഷയത്തിൽ ഒരു നയമില്ല എന്ന പ്രശ്നം തുടരുന്നില്ലേ?**

നിലവിൽ ഒരു രാഷ്ട്രീയ കക്ഷിക്കും സ്വന്തമായ ഒരു ആദിവാസി നയമില്ല എന്നതാണ് യാഥാർത്ഥ്യം. ഒന്നുകിൽ ആദിവാസി വിഷയങ്ങൾ ഉന്നയിക്കാൻ കഴിയുന്ന രീതിയിൽ ഒരു രാഷ്ട്രീയ പാർട്ടി ഉയർന്നുവരണം. ഒരു വംശീയ ന്യൂനപക്ഷം എങ്ങനെ ജീവിക്കണമെന്ന് തിരുമാനിക്കാനുള്ള അവകാശം അവർക്ക് വിട്ടുകൊടുക്കണം എന്ന കാഴ്ചപ്പാടുണ്ടാകുകയാണ് പ്രധാനം. അതൊരു അടിസ്ഥാന ജനാധിപത്യ സംസ്കാരമാണ്. അതാണ് ജനാധിപത്യത്തിന്റെ കാതൽ. പക്ഷേ ആ ജനാധിപത്യബോധം നമുക്കില്ല എന്ന സത്യം നമ്മൾ തിരിച്ചറിഞ്ഞുകൊണ്ട് അടുത്ത തലമുറയിൽ അതുണ്ടാക്കാൻ ശ്രമിക്കുക എന്നതാണ് പ്രധാനം. ഇന്നത് ആദിവാസി വിഷയത്തിൽ ആകാം. നാളെ ലൈംഗിക ന്യൂനപക്ഷമടക്കം ഏത് ന്യൂനപക്ഷങ്ങൾക്കും ജനാധിപത്യ സമൂഹത്തിൽ സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശമുണ്ട് എന്ന തലത്തിലേക്ക് അതെത്തണം.

**വനത്തിലും വനത്തിനോട് ചേർന്നും കാലങ്ങളായി കഴിയുന്ന ആദിവാസികളും അതേ മേഖലയിൽ തന്നെയുള്ള കുടിയേറ്റക്കാരും തമ്മിൽ ഒരു ദ്വന്ദ്വമുണ്ടാക്കി അവർക്കിടയിൽ സംഘർഷം രൂപപ്പെടുത്തുന്നതിനുള്ള ഒരു ശ്രമം നിലനിൽക്കുന്നുണ്ടല്ലോ. പട്ടികവർഗ്ഗ മേഖല വരുന്നു. ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഭൂമിയുടെ മേൽ അവകാശവും അധികാരവും ലഭിക്കുന്നു. ഇതെല്ലാം കുടിയേറ്റക്കാർക്കും ആദിവാസികൾക്കും ഇടയിൽ സംഘർഷങ്ങളുണ്ടാകുന്നതിനുള്ള സാധ്യതയായി മാറുമോ?**

80കളിൽ ആദിവാസി വിരുദ്ധ മനോഭാവം കുടിയേറ്റമേഖലകളിൽ വളർത്തിയെടുത്തതിന് പിന്നിൽ ചില പ്രത്യേക രാഷ്ട്രീയ താത്പര്യങ്ങളുണ്ടായിരുന്നു. കേരളാ കോൺഗ്രസ്സിന്റെ വോട്ടുപിടുത്ത രാഷ്ട്രീയം കുടിയേറ്റക്കാരുടെ ഒരു കൺസോളിഡേഷൻ ഉണ്ടാകുന്നതിന് കാരണമായിത്തീർന്നിട്ടുണ്ട്. (ഗാഡ്ഗിൽ റിപ്പോർട്ടിന്റെ കാര്യത്തിൽ ഇപ്പോൾ ഉണ്ടായതുപോലെ). അതോടൊപ്പം തന്നെ, കുടിയേറ്റക്കാരാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണം എന്ന ഒരു സവർണ്ണ ഹിന്ദു ബോധത്തിന്റെ പ്രശ്നവുമുണ്ട്. യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത ഒന്നാണത്. കുടിയേറ്റ ലോബി ഒരു വശത്ത്, ആദിവാസികൾ മറുവശത്ത് എന്ന ദ്വന്ദ്വം തന്നെ ഒരു ട്രാപ്പാണ്. ആ ട്രാപ്പിൽ നിന്ന് രക്ഷപ്പെടാൻ ആദിവാസി സമൂഹത്തിന് ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ആദിവാസി സ്വയംഭരണം എന്നതിലേക്ക് വലിയ സംഘർഷങ്ങളില്ലാതെ എത്തിച്ചേരാൻ കഴിയുമെന്നാണ് തോന്നുന്നത്. അത് ഒരു ജനാധിപത്യ-മതേതര സങ്കല്പമാണ്. പകരം ഭൂമിയുടെ പ്രശ്നമല്ല അത് പറയുന്നത്. ആദിവാസികൾക്ക് ഭൂമി നഷ്ടപ്പെടുന്നതിന് ചരിത്രപരമായ കാരണങ്ങൾ ഉണ്ട്. ആദിവാസി ഭൂരഹിതനായത് ഭരണകൂടത്തിന്റെ പിടിപ്പുകേടുകൊണ്ടാണ്. ഭരണകൂടമാണ് പ്രതി, കുടിയേറ്റക്കാരല്ല. ഭരണകൂടത്തിന്റെ നിഷ്ക്രിയത്വം കൊണ്ടാണ് മറ്റുള്ളവർ ഈ ഭൂമി കയ്യേറിയത്. അതിനെ ജനാധിപത്യഭരണകൂടത്തിന്റെ പരാജയം എന്ന രീതിയിലാണ് 2001 മുതൽ തന്നെ ഞങ്ങൾ അവതരിപ്പിക്കുന്നത്. അതുകൊണ്ടാണ് ഇപ്പോൾ സ്വയംഭരണം എന്ന വിപുലമായ രാഷ്ട്രീയത്തിലേക്ക് ആദിവാസി പ്രശ്നത്തെ

## നിൽപ്പ് സമരം അവസാനിപ്പിച്ച 2014ലെ കരാർ

**1.** കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് കേരളത്തിലെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അനുവദിച്ച ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവോ എന്ന് പരിശോധിച്ച് പകരം ഭൂമി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ 21.08.2003ലെ എഫ്.നം. 816/2002/എഫ്.സി. കത്ത് പ്രകാരം ലഭിച്ച 7693.22557 ഹെക്ടർ ഭൂമിക്ക് ഉപരിയായി ലഭിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പടക്കം അനുയോജ്യമായ അധികാര സ്ഥാപനങ്ങളെ സമീപിക്കും.

**2.** കേന്ദ്രസർക്കാരും സുപ്രീംകോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ വിജ്ഞാപനമിറക്കും. വാസയോഗ്യമല്ലെന്ന് റിപ്പോർട്ട് ചെയ്ത ഏകദേശം 1500 ഹെക്ടർ ഭൂമി ആദിവാസി പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി വാസയോഗ്യമാണെന്ന് കണ്ടെത്തിയാൽ ആ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യും. **3(1).** വനാവകാശം കൊടുത്തതിന്റെ പേരിൽ ആദിവാസികളല്ലാത്തവർ കൈയ്യേറിയതിനെത്തുടർന്ന് ആദിവാസികൾക്ക് കുറവ് വന്ന ഭൂമി കൂട്ടിച്ചേർക്കാൻ അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും.

**3(2).** ആദിവാസികളല്ലാത്തവർ കൈയ്യേറിയതുമൂലവും അല്ലാതെയും ആദിവാസി ജനവിഭാഗത്തിന് നഷ്ടപ്പെട്ട 400 ഹെക്ടർ ഭൂമിക്ക് പകരം ഭൂമി സംസ്ഥാന ഗവൺമെന്റ് നൽകും. **4.** വിതരണത്തിന് അനുയോജ്യമെന്ന് കണ്ടെത്തുന്ന ഭൂമി വിജ്ഞാപനം ചെയ്ത്, ഭൂരഹിത പട്ടികവർഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് നിയമാനുസൃതം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കലും, അപ്രകാരം യോഗ്യമെന്ന് കണ്ടെത്തുന്ന ഭൂമി അളന്ന് പ്ലോട്ട് തിരിച്ച് അതിര് കല്ല് ഇടുന്നതിന് സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കും. **5.** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2006ലെ വനാവകാശ നിയമം അനുസരിച്ച് കൈവശാവകാശരേഖ നൽകും. **6.** ആറളം ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. **7.** ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കും. **8.** അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട്(ഐ.റ്റി.ഡി.പി.) അനുയോജ്യമായ മറ്റു നിർവ്വഹണ ഏജൻസികൾ മുഖേന പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. **9.** കേരളത്തിലെ സാഹചര്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ ഊരുകൾ, പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പഞ്ചായത്ത്, ബ്ലോക്ക് (ഇടമലക്കുടി, അട്ടപാടി, ആറളം, നിലമ്പൂർ, വയനാട് തുടങ്ങിയവ) എന്നിവ ഉൾപ്പെടുത്തി പെസ നിയമം (ആദിവാസി ഗ്രാമസഭാ നിയമം) നടപ്പാക്കും. **10.** മുത്തങ്ങ സമരത്തെത്തുടർന്ന് കുടിയിറക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസത്തിനായി ഒരേക്കർ വീതം ഭൂമിയും, ഭവന നിർമ്മാണ ധനസഹായവും അനുവദിക്കും. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു. ഇപ്രകാരം 447 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് രണ്ടര ലക്ഷം രൂപ വീതം ധനസഹായം നൽകും. **11.** മുത്തങ്ങ ഭൂസമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരോടൊപ്പമുണ്ടായിരുന്ന 44 കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകും. **12.** മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും (സി.ബി.ഐ. കേസ്സൊഴികെ) പിൻവലിക്കും. **13.** സിക്കിൾസെൽ (അരിവാൾ) രോഗബാധിതരായ ആദിവാസികൾക്ക് ഇപ്പോൾ ആയിരം രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ഇവ കൂടാതെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേക്കർ വീതം ഭൂമിയും വീടും നൽകും. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു. 2015 മാർച്ച് 31നു മുമ്പ് ഭൂമി വിതരണം പൂർത്തിയാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി. **14.** വേടർ സമുദായത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പാക്കും. **15.** ആറളം ഫാമിലെ പൈനാപ്പിൾ കൃഷി അവസാനിപ്പിക്കും. **16.** വനാവകാശ നിയമനുസരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ(വ്യക്തിഗത അവകാശം, സമൂഹ്യാവകാശം, വികസന അവകാശം) തീർപ്പാക്കൽ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കും.

കൊണ്ടെത്തിക്കാൻ കഴിഞ്ഞതും. വിഭവങ്ങൾക്ക് മേലുള്ള അവകാശം, ഒരു വംശീയ സമൂഹം എന്ന നിലയ്ക്കുള്ള സമൂഹ്യാവകാശം, സ്വയംഭരണം ഇതെല്ലാം ആദിവാസിക്ക് മാത്രമല്ല ഏത് സമൂഹത്തിനും ഏറ്റെടുക്കാവുന്ന മുദ്രാവാക്യങ്ങളാണ്. അതുകൊണ്ടുതന്നെ ആദിവാസി സമരം എന്നത് വംശീയ അടിത്തറയിൽ നിന്നുള്ള ഒരു ദേശീയ സമരമാണ്.

**നിൽപ്പ് സമരത്തിന് സിവിൽ സമൂഹത്തിന്റെ പിന്തുണ ലഭിക്കുന്നതിൽ സോഷ്യൽ മീഡിയ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയയുടെ ഇടപെടുലുകളെ താങ്കൾ എങ്ങനെ വിലയിരുത്തുന്നു?**

ഞാൻ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നില്ലെങ്കിലും സുഹൃത്തുക്കൾ വഴി ട്രെൻഡുകളെക്കുറിച്ച് മനസ്സിലാക്കാറുണ്ട്. പുതിയ ഒരു തലമുറ കടന്നുവരുന്നതിനെ പറ്റിയും അതുണ്ടാക്കുന്ന മാറ്റങ്ങളെ പറ്റിയും ഞങ്ങൾ മനസ്സിലാക്കുന്നുണ്ട്. അതിലെ ഒരു ഘടകം മാത്രമാണ് സോഷ്യൽ മീഡിയ. സോഷ്യൽ മീഡിയ കേന്ദ്രീകരിച്ചുണ്ടായ സാമൂഹ്യമുന്നേറ്റങ്ങളെല്ലാം നഗര കേന്ദ്രിതമാണ്. വ്യവസ്ഥാപിത ഭരണകൂടത്തിനും കമ്പോളവ്യവസ്ഥയ്ക്കുമെതിരെ പുതിയ മനുഷ്യരുടെ കൂട്ടായ്മകൾ ഉണ്ടാകുന്നു എന്നതാണ് പ്രധാനം. വ്യവസ്ഥയ്ക്കെതിരായ അമർഷം വ്യാപകമായി യുവത്വത്തിനിടയിൽ കയറിക്കൂടിയിട്ടുണ്ട്. ഡൽഹിയിൽ ബലാൽസംഘത്തിനെതിരെ നടന്ന കളക്റ്റീവ്, അഴിമതിക്കെതിരായ മൂവ്മെന്റ്, ആം ആദ്മി പാർട്ടിയുടെ രൂപീകരണം എല്ലാം അതിന്റെ ഭാഗമായി സംഭവി

ച്ചതാണ്. കേരളത്തിൽ സോഷ്യൽ മീഡിയ ഉപയോഗം വളരെ കൂടുതലായിരുന്നിട്ടും അങ്ങനെയൊന്നും സംഭവിക്കാത്തത് പ്രത്യേകം വിലയിരുത്തേണ്ട കാര്യമാണ്. സ്റ്റേറ്റിസ്റ്റായ സംഘടനാരൂപങ്ങൾ മനുഷ്യന്റെ നവമായ എല്ലാ ചിന്തകളെയും അമർച്ച ചെയ്യുന്ന സാഹചര്യം ഇവിടെ നിലനിൽക്കുന്നുണ്ട്. തൊഴിലാളി പ്രസ്ഥാനങ്ങൾ മുതൽ കുടുംബശ്രീയിൽ വരെ അത് നമുക്ക് കാണാം. ആദിവാസി നിൽപ്പ് സമരത്തെ തുടർന്ന് കേരളത്തിൽ അത്തരം ഒരു മൂവ്മെന്റിനു സ്കോപ്പ് ഉണ്ടായി തുടങ്ങി എന്നാണെനിക്ക് ഇപ്പോൾ തോന്നുന്നത്. ജാതിക്കും മതത്തിനും അപ്പുറം നവമൂല്യങ്ങൾക്ക് വേണ്ടിയുള്ള ഒരു മൂവ്മെന്റുണ്ടായി വരുന്നുണ്ട്. അത് എല്ലാവർക്കും തലവേദനയുണ്ടാക്കാൻ പോന്നതാണ്.

**ആദിവാസി ഭൂപ്രശ്നവുമായി ബന്ധപ്പെട്ടതല്ലാത്ത ഭൂപ്രശ്നങ്ങൾ കേരളത്തിൽ നിലനിൽക്കുന്നുണ്ടല്ലോ. ആ മേഖലയിൽ നടക്കുന്ന സമരങ്ങളെ കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാടെന്താണ്?**

ഭൂമി ആവശ്യമുള്ള വിഭാഗങ്ങളെ ഞാൻ മുമ്പ് സൂചിപ്പിച്ച വിധത്തിലുള്ള സംഘടനാരൂപങ്ങളുടെ തടവുകാരാക്കി ഇട്ടിരിക്കുന്നു എന്നതാണ് പ്രശ്നം. കർഷകത്തൊഴിലാളികളോ തോട്ടം തൊഴിലാളികളോ ഭൂമിക്ക് വേണ്ടി ആവശ്യമുന്നയിക്കാത്തിടത്തോളം ഭൂപ്രശ്നത്തിൽ ഒരു മാറ്റവുമുണ്ടാവില്ല. പ്രത്യേകിച്ച് തോട്ടം തൊഴിലാളികൾ. അവരെ നമ്മൾ പരിഗണിച്ചിട്ടില്ല. എൺപതുകൾ വരെയുള്ള സെൻസസ്സ് റിപ്പോർട്ടുകളിൽ കർഷതൊഴിലാളികൾ ഒരു പ്രധാന സെക്റ്റർ ആയിരുന്നു. അത് 1991-2001 ആവുമ്പോഴേക്കും നേരെ തിരിഞ്ഞു, കൺസ്ട്രക്ഷൻ തൊഴിലാളികളായി കൂടുതൽ. പരമ്പരാഗത കർഷകതൊഴിലാളികൾ ചുരുങ്ങി. തോട്ടം തൊഴിലാളികൾ പ്രകൃതിയിൽ നിന്നും ഭൂമിയിൽ നിന്നും അന്യവത്കരിക്കപ്പെട്ടവരാണ്. അവരുടെ അവകാശത്തിന്റെ പ്രശ്നം ഉന്നയിക്കപ്പെടേണ്ടതാണ്. തിരുവനന്തപുരത്തെ ബോണക്കാട് എസ്റ്റേറ്റ് തൊഴിലാളികളുടെ സമരത്തിൽ ആ രീതിയിലാണ് ഇടപെടേണ്ടത്. ഭൂമി ഒരു പ്രാഥമികവിഭവമാണ്. അത് ലഭ്യമല്ലാതാകുന്നതോടെ മറ്റ് തരത്തിലുള്ള നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നു.

**ഭൂമിയാണ് അടിസ്ഥാന പ്രശ്നം എന്ന് പറഞ്ഞല്ലോ? ഭൂമിയും അധികാരവും തമ്മിലുള്ള ബന്ധത്തെ എങ്ങനെയാണ് അപഗ്രഥിക്കുന്നത്?**

ഒരു ഉപജീവനോപാധി എന്ന നിലയിൽ ഭൂമിയെ ആശ്രയിക്കുന്ന വിഭാഗങ്ങളുണ്ട്. അവർക്ക് അധികാരത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിക്കണമെങ്കിൽ ഭൂവുടമസ്ഥത, അതും ഉത്പാദനക്ഷമമായ ഭൂമിയുടേത് തന്നെ ലഭിക്കേണ്ടതുണ്ട്. ഭൂമി എന്ന പ്രൈമറി റിസോഴ്സ് നിഷേധിക്കപ്പെട്ടവർക്ക് മറ്റ് സ്രോതസ്സുകൾ കൈയെത്തിപ്പിടിക്കാൻ കഴിയാതെ പോതുന്നു. അതിനാൽ ഭൂമിയുടെ മേലുള്ള അവകാശം ഒരു മൗലീകാവകാശം തന്നെയാണ്. ഭൂമിയിൽ തന്നെ ഫോക്കസ് ചെയ്യേണ്ടത് അതുകൊണ്ടാണ്.

**മാവോയിസ്റ്റ് സംഘടനകൾ പശ്ചിമഘട്ടത്തിലെ ആദിവാസി മേഖലകളിൽ സജീവമാകുന്നതായുള്ള വാർത്തകൾ പുറത്തുവരുന്നുണ്ട്. ആദിവാസി മേഖലകളിൽ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്ന മാവോയിസ്റ്റ് സംഘടനകളുടെ പ്രവർത്തനത്തെ താങ്കൾ എങ്ങനെയാണ് വിലയിരുത്തുന്നത്?**

ആദിവാസികൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങളിൽ നിന്നും ഭരണകൂടം പൂർണ്ണമായും പിന്മാറിയിരിക്കുകയാണ്. ആ പിന്മാറ്റത്തെ ന്യായീകരിക്കുന്നതിനായി അവർ തന്നെ ആദിവാസി മേഖലകളിൽ മുഴുവൻ മാവോയിസ്റ്റുകളാണെന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മാവോയിസ്റ്റ് പ്രത്യശാസ്ത്രത്തിൽ വിശ്വസിക്കുന്ന ഗ്രൂപ്പുകൾ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ആദിവാസി വിഷയങ്ങളോ ഒരുതരത്തിലും മാവോയിസ്റ്റ് പ്രത്യശാസ്ത്രവുമായി ബന്ധിപ്പിക്കാൻ കഴിയില്ല എന്നതാണ് സത്യം. ആദിവാസികളെ ഒരു പ്രത്യേക വിഭാഗമായി അംഗീകരിക്കാത്ത പ്രത്യയശാസ്ത്രമാണ് മാവോയിസം. ആദിവാസികളെ മുന്നണി പോരാളികളാക്കിക്കൊണ്ട് വിപ്ലവം നടത്തേണ്ട ഒരു സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നില്ല. ഒരു പക്ഷെ വനത്തിനുള്ളിൽ മാവോയിസ്റ്റ് ഒളിത്താവളങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന പേരിൽ സർക്കാർ ആദിവാസി കോളനികളെ നിരീക്ഷണ വലയത്തിലാക്കിയിരിക്കുകയാണ്. പുറത്ത് നിന്നുള്ളവർക്ക് കോളനികളിലേക്ക് പോകാൻ കഴിയാത്ത സ്ഥിതിയുണ്ട്. ആദിവാസി മേഖലയിൽ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നവർ അവരുടെ പ്രവർത്തന പദ്ധതി എന്താണെന്ന് വ്യക്തമാക്കാൻ തയ്യാറാകണം. അല്ലാതെ നിശബ്ദത പാലിക്കുന്നത് അവസരവാദപരമായ സമീപനമാണ്. ■